കേരള സർക്കാർ

നം.പി.എസ്.1 /367 /2016/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (പി.എസ്.)വകുപ്പ്,
തിരുവനന്തപുരം. തീയതി, 29.08.16

## സർക്കുലർ

വിഷയം- തദ്ദേശ സ്വയം ഭരണ വകുപ്പ് - വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

നിയമസഭയുടെ നടപടിച്ചട്ടം 236 (6)അനുശാസിക്കും പ്രകാരം ഒരു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്, സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്കകം മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. എന്നിരുന്നാലും നിലവിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ പലപ്പോഴും വർഷങ്ങളോളം കഴിഞ്ഞതിനു ശേഷമാണ് നിയമസഭയുടെ മേശപ്പുറത്ത് വെയ്ക്കുന്നത്. ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കാതിരിക്കുവാൻ എല്ലാ വകുപ്പുകളും അതാത് വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് എന്ന് പാർലമെന്ററികാര്യ വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൽ വകുപ്പുതലവൻമാരിൽ നിന്നും സ്ഥാപനമേധാവികളിൽ നിന്നും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാകുന്നതിൽ നിലവിൽ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്നും 2007-2008 വർഷം വരെയുള്ള റിപ്പോർട്ടുകൾ മാത്രമാണ് ചില വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും അറിയുന്നു. ഈ സാഹചര്യത്തിൽ വർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതിന് തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിലുള്ള വകുപ്പുകളും സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു. ഏത് വർഷം വരെയുള്ള വാർഷിക ഭരണ റിപ്പോർട്ടും ബജറ്റ് വിഹിതത്തിന്റെ ചെലവിൻമേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകളും നിയമസഭയിൽ ലഭ്യമാക്കിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് ഒരു റിപ്പോർട്ട് തദ്ദേശ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളും വകുപ്പുകളും സ്ഥാപനങ്ങളും ഒരാഴ്ച്ചയ്ക്കകം ത.സ്വ.ഭ (പാർലമെന്റ്)വകുപ്പിന് സമർപ്പിക്കണമെന്നും ഇതോടൊപ്പം നിർദ്ദേശിക്കുന്നു.

**ടി.പി.വിജയകുമാർ**
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള അർബൻ & റൂറൽ ഫിനാൻഷ്യൽ കോർപ്പറേഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രൊജക്ട്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം വികസന അതോറിറ്റി, കൊല്ലം,
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
സെക്രട്ടറി, ഗോശ്രീ ഐലന്റ് വികസന അതോറിറ്റി,
സെക്രട്ടറി, തൃശ്ശൂർ വികസന അതോറിറ്റി, തൃശ്ശൂർ,
സെക്രട്ടറി, വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി, മലപ്പുറം,
സെക്രട്ടറി, കോഴിക്കോട് വികസന അതോറിറ്റി, കോഴിക്കോട്,
പ്രോജക്ട് ഡയറക്ടർ, കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസസ് ഡെലിവറി പ്രോജക്ട് തിരുവനന്തപുരം.

പകർപ്പ്- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/
എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം,

Riya

സെക്ഷൻ ഓഫീസർ